# കാലത്തിന്റെ കവി

ഡോ. എം.എസ്. മേനോൻ

കാലത്തിനൊത്ത് സമൂഹത്തെ മാറ്റിമറിക്കാൻ കവിയുടെ തൂലികക്ക് കരുത്തുണ്ടെന്ന് വിശ്വസിച്ച കവിയാണ് ഇടശ്ശേരി ഗോവിന്ദൻനായർ. സമകാലിക സാമൂഹ്യപ്രശ്നങ്ങളെ കലാമൂല്യവും കലാസൗന്ദര്യവും ഒട്ടുംചോർന്നുപോകാതെ സമർഥമായി കവിതയിലൂടെ അവതരിപ്പിക്കാൻ അദ്ദേഹത്തിന് സാധിച്ചിട്ടുണ്ട്. ഏകാങ്കങ്ങളും ഒരു പൂർണനാടകവും അദ്ദേഹം രചിച്ചിട്ടുണ്ട്. ആ നാടകം – 'കൂട്ടുകൃഷി'– കുറെക്കാലം നമ്മുടെ നാടകവേദിയെ വശീകരിക്കുകയും മാറ്റിമറിക്കുകയും ചെയ്തിട്ടുണ്ട്. ജീവിതാനുഭവങ്ങളായിരുന്നു ഇടശ്ശേരിയുടെ സാഹിത്യകൃതികൾക്ക് പ്രചോദനം നൽകിപ്പോന്നിരുന്നത്. അതുകൊണ്ടുതന്നെയാണ് അവ ജനഹൃദയങ്ങളിൽ പ്രതിഷ്ഠനേടിയതും.

കവിത ബോധപൂർവമായ ഒരു പ്രക്രിയയാണെന്ന് ഇടശ്ശേരി വിശ്വസിച്ചിരുന്നു. തന്റെ വിശ്വാസം സന്ദർഭം കിട്ടിയപ്പോഴൊക്കെ മറ്റുള്ളവരെ ധരിപ്പിക്കുകയും ചെയ്തിരുന്നു. ഒരിക്കൽ അദ്ദേഹമെഴുതി:

'സ്നേഹിതന്മാരേ, ഞാൻ കവിതയെഴുതിയത് ഒരത്ഭുതമല്ല. അത്ഭുതസിദ്ധി തരുന്ന ദേവതോപാസനയാലുമല്ല ഞാൻ കവിത എഴുതിയത്. മോഹവും സാഹചര്യവും മാത്രമാണ് കവിതയെഴുതാനുണ്ടായിരുന്ന മൂലധനം. കുട്ടിക്കാലത്ത് ഭാഗവതവും രാമായണവും നിർബന്ധപൂർവം വായിച്ചിരുന്നു എന്റെ അമ്മ. എഴുത്തച്ഛനിൽനിന്ന് കിട്ടിയ പാണ്ഡിത്യവും അഥവാ വിജ്ഞാനവും എന്റെ അമ്മയുടെ കണ്ഠത്തിൽനിന്ന് മനസ്സു നുകർന്നെടുത്ത ഈണങ്ങളും ചേർന്നാണ് എന്റെ കവനകലയുടെ ബീജാവാപമുണ്ടായത്. ഭാഗ്യവശാൽ ഞാൻ വളർന്ന ഗൃഹാന്തരീക്ഷം വളക്കൂറുള്ളതായിരുന്നു.'

(ഒരു കവിയുടെ വളർച്ച. ജയകേരളം വാരിക (1142 കുംഭം 27)

ഇതേ ലേഖനത്തിൽ കവിക്കുണ്ടായിരിക്കേണ്ട വിഭവങ്ങളെക്കുറിച്ചും ഇടശ്ശേരി ഓർമ്മിപ്പിക്കുന്നുണ്ട്. 'കവിക്കു സങ്കല്പം വേണം. കവി സ്വപ്നം കാണണം. മനോരാജ്യത്തിന്നുള്ള അവസരങ്ങളും കവിക്കുണ്ടായിരിക്കണം. അതിന്ന് വിഘാതമാണ് ഏത് അന്യകർമവും' എന്ന് വാദിക്കുന്ന ചിലരുണ്ട്. അവരോട് യോജിച്ചുകൊണ്ടുതന്നെ ഇടശ്ശേരി ഒരു കാര്യവുംകൂടി അവരെ ഓർമ്മിപ്പിക്കുന്നു.

'പക്ഷേ, എന്നുവച്ച് വാസനാ സമ്പന്നരായ കുറച്ച് മനോരാജ്യക്കാരെ ഒന്നും ചെയ്യേണ്ട ആവശ്യം ഇല്ലാതാകുമാറ് ചെല്ലും ചെലവും കൊടുത്ത് ഇരുത്തിയാൽപ്പോരാ.'

ലോകവ്യവഹാരങ്ങളിൽ നിന്ന് കൈവരേണ്ട വിജ്ഞാനമാണ് കവനവ്യവസായത്തിനുവേണ്ട അസംസ്കൃതപദാർത്ഥങ്ങളിൽ മുഖ്യമായ ഒന്ന്. ഏട്ടിൽക്കണ്ട വിജ്ഞാനം പോരാ, അനുഭവസമ്പത്തുകൂടി വേണം കവിക്ക് എന്ന് ഇടശ്ശേരി സിദ്ധാന്തിച്ചു. ഇത് എങ്ങനെ നേടുമെന്ന് ചോദിക്കുന്നവർക്ക് അദ്ദേഹം നൽകുന്ന മറുപടികൂടി ശ്രദ്ധേയമാണ്.

'എരിയുന്ന വയറിന്റെ തീക്ഷ്ണമായ ചാട്ടവാറുകൊണ്ട് പ്രചോദിക്കപ്പെടുമ്പോഴല്ലാതെ ഒരു മനുഷ്യാത്മാവ് കർമ്മം ചെയ്യുമോ! ആ വിശപ്പ് സ്വന്തം കൈകൊണ്ട് കവിയും മാറ്റട്ടെ. വേണമെങ്കിൽ അല്പസ്വല്പം സഹായം ചെയ്തുകൊടുത്തേയ്ക്കൂ. സാഹചര്യംകൊണ്ട് ജീവിതവൃത്തിയിൽ വരാവുന്ന കോട്ടങ്ങൾ നിരത്താൻ അതാവശ്യമാകും. അവനെ ഒരു ഭാഗത്തിരുത്തി വെണ്ണ ജപിച്ചുകൊടുത്ത് അവന്റെ വിശപ്പ് കെടുത്തിക്കളയരുത്. അവനെ അജീർണരോഗിയാക്കാനേ ആ ചികിത്സ പറ്റൂ.'

കല കലക്കുവേണ്ടി എന്ന് സിദ്ധാന്തിച്ചിരുന്നവർ അങ്ങേയറ്റം അവഹേളിച്ചിരുന്ന വിശപ്പിന്റെ പ്രചോദനത്തെ അവരുടെതന്നെ സമകാലികനായ ഇടശ്ശേരി നിഷേധിക്കുകയോ പുച്ഛിക്കുകയോ ചെയ്തിരുന്നില്ല. സമൂഹനിഷേധിയുമായിരുന്നില്ല ആ കവി. താനുൾപ്പെടെയുള്ള സമൂഹത്തിന്റെ വികാരവിചാരങ്ങളാണ് തന്റെ സാഹിത്യത്തിന്റെ കരുക്കളെന്നും ഭൂതകാലത്തെക്കുറിച്ചെഴുതുമ്പോഴും ആനുകാലികമായ സംഭവവിശേഷങ്ങൾ തന്റെ മനസ്സിലുണ്ടാക്കുന്ന പ്രതിപ്രവർത്തനങ്ങളിൽനിന്ന് മുക്തനാകാൻ തനിക്ക് കഴിഞ്ഞിരുന്നില്ലെന്നും ഇടശ്ശേരി പ്രസ്താവിച്ചിരുന്നു. ദേശാഭിമാനി വാരികയിൽ പുരോഗമന സാഹിത്യകാരന്മാരുടെ കടമ എന്ന ഒരു ലേഖനം ഇടശ്ശേരി എഴുതുകയുണ്ടായി. അതിലാണ് തന്റെ ഈ അഭിപ്രായം അദ്ദേഹം പ്രകാശിപ്പിച്ചത്.

തന്റെ സങ്കല്പങ്ങൾക്കൊത്തു കവിതകൾ രചിക്കാനും ഇടശ്ശേരിയ്ക്കു കഴിഞ്ഞു. കവികളോട് "പഴകിയ ചാലുകൾ മാറ്റുക" എന്നു അദ്ദേഹം വിളിച്ചുപറഞ്ഞു; കവിതയും ധർമബോധവും തുളുമ്പുന്ന വരികളിലൂടെ. 'പഴകിയ ചാലുകൾ മാറ്റുക' എന്ന പ്രസിദ്ധമായ കവിത ഈ കവിയുടെ

കവിതയുടെ കൊടിക്കൂറയാണ്. ജനത ഉണരുംമുമ്പ് പാടിയ പാട്ടുകൾ നാം ഉപേക്ഷിക്കുക. ആ പൂക്കളുടെ മണവും നിറവും പോയിരിക്കുന്നു. അവ കൊഴിയുകയും ചെയ്തു. പുതിയ പുതിയ സങ്കേതങ്ങളുമായി പുത്തൻ മധുവും തേടി കൊതിയൻ വണ്ടുകൾ എത്തുമ്പോൾ കവികൾ ചണച്ചെടിയായി നിന്നാൽപ്പോരാ എന്ന് അദ്ദേഹം സമകാലകവികളെ ഉദ്ബോധിപ്പിച്ചു. അവരുടെ കടമയും ഉത്തരവാദിത്തവും ഈ ഉദ്ബോധനത്തിൽ പ്രകടമാണ്. തങ്ങളുടെ ചുറ്റുമുള്ള ലോകവും അതിലെ ജനതയുടെ വികാരവിചാരഭാവനകളും മാറിക്കൊണ്ടിരിക്കുമ്പോൾ അവയ്ക്കു നൂതനവും കലാസുഭഗവും ഓജസ്വിയുമായ കവിതയുടെ രൂപം നൽകാൻ കടപ്പെട്ട കവി സ്വധർമ വിമുഖനായി, ഏകാകിതയുടെയും കേവലമായ ആത്മരതിയുടെയും ഏകതാനമായ ഗീതങ്ങൾ ആലപിച്ചുകൊണ്ടിരിക്കുന്ന പ്രവണതയെ ഇടശ്ശേരി ഒരിക്കലും അനുമോദിക്കുകയുണ്ടായില്ല.

‘പ്രസ്താവന’ എന്ന കവിതയിലൂടെ ഇടശ്ശേരി ശുദ്ധകലാവാദികൾക്കു നൽകുന്ന നിർദ്ദേശം ശ്രദ്ധേയമാണ്. ഇക്കൂട്ടർ ഉദ്ഘോഷിക്കുന്നു.

“കാവ്യകലയുടെ ലക്ഷ്യം കേവലമായ ആനന്ദമാണ്. അതാകട്ടെ സനാതനവും ഭവ്യവും സഹൃദയമാത്ര വേദ്യവുമായ നാദബ്രഹ്മരസമത്രേ. മറ്റൊരു ലക്ഷ്യവും കവിതക്കില്ല. പ്രചാരണവും അനുശാസനവും നിർവഹിക്കുന്ന കാവ്യകല സ്വയം നശിക്കയേഉള്ളൂ. ഭൗതികജീവിതത്തെ മെച്ചപ്പെടുത്താനും മറ്റും വേറെവല്ല മാർഗവും തേടുകയാണ് കവികൾ ചെയ്യേണ്ടത്.”

ഇവരുടെ യാഥാസ്ഥിതികമായ നിലപാടിനോടും മനോഭാവത്തോടും തനിയ്ക്കുള്ള പ്രതികരണത്തിന് കാവ്യാത്മകമായ ഒരു രൂപം നൽകുകയെന്നതാണ് വാസ്തവത്തിൽ ഇടശ്ശേരി ഈ ‘പ്രസ്താവന’യിലൂടെ നിർവഹിച്ചത്. ആത്മസാധനയുടെയും ദിവ്യമായ അന്തഃപ്രചോദനത്തിന്റെയും പരിവേഷമണിഞ്ഞ റൊമാന്റിസിസം നമ്മുടെ കാവ്യവേദിയിൽ ഒരുകാലത്തു പ്രത്യക്ഷമായിരുന്നു. ഇടശ്ശേരിയുടെ കാവ്യദർശനം രൂപംകൊണ്ടതും ഇതേ കാലഘട്ടത്തിൽത്തന്നെ. അക്കാലത്ത് അദ്ദേഹത്തിന്റെ കവിഹൃദയത്തെ ആകർഷിച്ചത് മർത്ത്യതയുടെ അപൂർണവും വിവിധവുമായ സുന്ദരഭാവങ്ങളാണ്.

മർത്ത്യൻ സുന്ദരനാണ്; കാരണ-
മുയിർക്കൊള്ളും വികാരങ്ങൾ തൻ
നൃത്യത്തിന്നു മുതിർക്കുവാൻ-
സ്വയമണിഞ്ഞിട്ടോരരങ്ങാണവൻ;
അത്യന്തം കമനീയമേ, മഹിതമാ-
യാലും മറിച്ചാകിലും
തദ്ഭാവങ്ങളപൂർണമാണളവുകോ-
ലെന്നുള്ള കാലംവരെ.

എന്ന പദ്യം ആ സത്യത്തിന്റെ വിളംബരമത്രെ. മനുഷ്യനും അവൻ കാലുറപ്പിച്ചുനിൽക്കുന്ന മണ്ണിനും വിണ്ണിനുള്ളത്രതന്നെ സൗന്ദര്യവും മഹത്വവുമുണ്ടെന്ന് ഇടശ്ശേരി വിശ്വസിച്ചു. ‘അഹോ, ഉദഗ്രരണീയാ പൃഥിവീ’ എന്ന കാളിദാസന്റെ ദർശനം ഇടശ്ശേരിയ്ക്കും മാർഗദീപമായിരുന്നു. ഭൂമിയുടെ ഉപ്പായി മനുഷ്യനെ കണ്ടവരാണ് ഇവർ ഇരുവരും.

അഭിജാത കവികളിൽപ്പലരും കാവ്യപരിധിയിൽനിന്ന് ഒഴിച്ചുനിർത്തിയിരുന്ന പരിവർത്തന സൂചകങ്ങളായ പല സംഭവങ്ങളേയും കാവ്യ വിഷയമാക്കാൻ ഇടശ്ശേരിയെ പ്രേരിപ്പിച്ചിട്ടുണ്ടെന്ന് മുണ്ടശ്ശേരി ഒരിക്കൽ ചൂണ്ടിക്കാണിച്ചതും സ്മരണീയമാണ്. സാഹിത്യകാരന് ലോകത്തോടും ജീവിതത്തോടുമുള്ള മനോഭാവത്തിന്റെ പ്രതികരണമാണ് അയാളുടെ കലാസൃഷ്ടിയെന്ന് ബോധ്യപ്പെടുത്തിയ കവികളിൽ ഒരാളാണല്ലോ ഈ കവി. ഈ സങ്കല്പത്തെ വിളംബരം ചെയ്യുന്ന ഇടശ്ശേരിയുടെ കൃതികളിൽ പ്രമുഖമാണ് ‘കൂട്ടുകൃഷി’ പ്രേക്ഷകരെല്ലാം അഭിനന്ദിച്ച ഈ നാടകം ഇടശ്ശേരിയുടെ ആദ്യകാലത്തെ ജീവിതദർശനത്തിന്റെ കണ്ണാടിയാണ്. ഇതെഴുതുമ്പോൾ നാഗരികരായ സദസ്യരേക്കാളേറെ ചുറ്റുപാടുമുള്ള ഗ്രാമീണരുടെ സദസ്സായിരുന്നു തന്റെ ഭാവനയിലെന്നും അവരുടെ ജീവിതത്തിലെ സംഭവങ്ങളിൽച്ചിലതാണ് അതിലെ ഇതിവൃത്തമെന്നും നാടകകൃത്തുതന്നെ രേഖപ്പെടുത്തിയിട്ടുണ്ട്. തൊഴിലാളികളും കർഷകരുമാണ് സമൂഹത്തിലെ കുഴപ്പങ്ങൾക്കെല്ലാം കാരണമെന്ന് ജല്പിക്കുന്ന തറവാടികൾക്ക് ഇടശ്ശേരിയുടെയും ചെറുകാടിന്റെയും ഇതുപോലുള്ള കൃതികളുടെ പൊരുളും സൗന്ദര്യവും മനസ്സിലാവില്ല. മനസ്സിലാവാത്തതുകൊണ്ടുതന്നെയാണ് അവർ അവയെ അവഹേളിക്കുന്നതും. ‘പുത്തൻകലവും അരിവാളും’, ‘പണിമുടക്കം’, ‘കറുത്തചെട്ടിച്ചികൾ’, ‘ചകിരിക്കുഴികൾ’, ‘കുടിയിറക്കൽ’, ‘നെല്ലുകുത്തുകാരി പാറുവിന്റെ കഥ’ തുടങ്ങിയ ഇടശ്ശേരിയുടെ ഒട്ടേറെ കവിതകൾ സമൂഹവും വ്യക്തികളുമനുഭവിക്കുന്ന യാതനകളുടെ സത്യസന്ധമായ ആവിഷ്കാരങ്ങളാണ്. ഒരു നാടിന്റെ ദുഃഖം അവയിൽ പ്രതിഫലിക്കുന്നു. ഈ ദുഃഖം കേവലവും വ്യക്തിഗതവും അന്യതാബോധജന്യവും നിർവിഷയകവും നിരർഥകവുമായ

ദുഃഖമല്ല. 'നരനായിങ്ങനെ ജനിച്ചു ഭൂമിയിൽ' എന്നു പാടിയവന്റെ രോഗാക്രാന്തമായ, നൈരാശ്യജന്യമായ വിഷാദവുമല്ല. നേരെമറിച്ച് സമൂഹത്തിന്റെ വളർച്ചയോടും തളർച്ചയോടുമൊപ്പം സ്പന്ദിക്കാൻ, സംവദിക്കാൻ, കഴിയുന്ന, മനസ്സാക്ഷിയും ഹൃദയവും വികാരങ്ങളുമുള്ള, ഒരു മനുഷ്യസ്നേഹിയുടെ ദുഃഖമാണത്.

ഈ ദുഃഖത്തിൽ നമ്മളും പങ്കുകൊള്ളുന്നു. ഇത് ഉറങ്ങിക്കിടക്കുന്നവനെ ഉണർത്തുന്നു. ഈ വിഷാദഗീതങ്ങൾക്ക് അവലംബമായി ഒരു പ്രത്യയശാസ്ത്രമുണ്ട്. തത്ത്വചിന്തയുമുണ്ട്. മർത്ത്യജീവിതത്തിന്റെ പുരോഗതിയിലുള്ള അദമ്യമായ അഭിലാഷമാണ് ആ തത്ത്വചിന്ത. ഇടശ്ശേരി ഒരു പ്രത്യേക രാഷ്ട്രീയകക്ഷിയിലും അംഗമായിരുന്നില്ല. പുരോഗമന സാഹിത്യസംഘടനയിലും ചേർന്നിരുന്നില്ല. എങ്കിലും അവയിലെല്ലാം സജീവാംഗങ്ങളായിരുന്ന മറ്റേത് കവിയേക്കാളുമേറെ പുരോഗമന സാഹിത്യപ്രസ്ഥാനത്തെ വളർത്തിയെടുക്കാൻ അദ്ദേഹത്തിന്റെ കവിതകൾക്ക് സാധിച്ചു. ജീവിതത്തിന്റെ അന്തിമദശയിൽ ഒരു കുമ്പസാരവും നടത്തേണ്ടിവന്നില്ല അദ്ദേഹത്തിന്. ചാരിതാർത്ഥ്യത്തോടെ, പൗരുഷത്തോടെ, തന്നെ ലോകത്തിൽനിന്ന് വിട വാങ്ങാനും കഴിഞ്ഞു.

ഇടശ്ശേരിയുടെ സങ്കല്പത്തിൽ മർത്ത്യജീവിതം സുന്ദരവും വികൃതവുമാണ്. ആ നിലയ്ക്ക് ജീവിതത്തിന്റെ ഉദ്ഗാതാവും പ്രവാചകനും വ്യാഖ്യാതവുമെല്ലാമാകേണ്ടവനായ കവിക്ക് സൗന്ദര്യത്തോടൊപ്പം വൈരൂപ്യവും ഭാവനക്ക് വിഷയമാണ്. സമൂഹ ജീവിതത്തെയും കുടുംബ ജീവിതത്തെയും കാർന്നു തിന്നുന്ന, അർബ്ബുദത്തേയും എയ്ഡ്സിനേയും പോലെതന്നെ ഭീകരവും മാരകവുമായ വർഗീയ ചിന്തയേയും അന്ധവിശ്വാസങ്ങളേയും മതപരമായ കാപട്യത്തേയും മിഥ്യാഭിമാനത്തെയും ഉള്ളുറക്കുത്തിയ തറവാടിത്തത്തെയുമെല്ലാം തുറന്നുകാണിക്കുന്ന 'മകന്റെ വാശി', 'അങ്ങേ വീട്ടിലേയ്ക്ക്', 'ഇസ്ലാമിലെ വൻമല', 'തത്ത്വശാസ്ത്രങ്ങളുറങ്ങുമ്പോൾ', 'പള്ളിച്ചൂണ്ടൽ', 'കല്യാണപ്പുടവ', 'പെങ്ങൾ', 'വിവാഹസമ്മാനം', 'ബുദ്ധനും ഞാനും നരിയും' തുടങ്ങിയ ഹൃദയോന്മാഥികളായ ഒട്ടേറെ കവിതകൾ ഇടശ്ശേരിയെന്ന കവിയുടെ ജീവിതദർശനത്തിന്റെ ദർപ്പണങ്ങളായിട്ടുണ്ട്. 'പൂതപ്പാട്ടും' 'കാവിലെപ്പാട്ടും' മറ്റും അന്യഥാ അസ്വസ്ഥമായ സമൂഹചേതനയുടെ തേങ്ങലുകൾ തന്നെയാണ്. ഈ കവിതകളിലെല്ലാം ഭാഷയുടെ ശക്തിയും ചൈതന്യവും പൂർണരൂപത്തിൽ പ്രത്യക്ഷപ്പെടുന്നുണ്ട്. കവിയുടെ മനസ്സിന്റെ ശക്തിതന്നെയാണ് കവിതയുടെയും ശക്തി. മനസ്സു ദുർബലവും വികൃതവുമാണെങ്കിൽ അതിന്റെ സൃഷ്ടിയായ കവിതയും ദുർബലവും വികൃതവുമാകും. ഇടശ്ശേരിയുടെ മനസ്സും വീക്ഷണവും എന്നും തേജസ്വിയായിരുന്നു. ആ തേജസ്സ് അദ്ദേഹത്തിന്റെ കവിതകളിലും നിറഞ്ഞുനില്ക്കുന്നു.

ആനുകാലിക ജീവിതത്തെ പ്രതിഫലിപ്പിക്കുക എന്നതിൽക്കവിഞ്ഞ് ജീവിതം എങ്ങനെയായിത്തീരണമെന്ന വിഭാവനകൂടി ഉത്തമകവിതയിൽ പ്രതീക്ഷിക്കപ്പെടുന്നുണ്ട് എന്നും ഇടശ്ശേരി ഓർമ്മിപ്പിക്കയുണ്ടായി. മുഗ്ദ്ധമായ പ്രേമം, നിസ്വാർത്ഥമായ ഭക്തി, രൂഢമൂലമായ സൗഹൃദം, ഏന്തിത്തുളുമ്പുന്ന വാത്സല്യം, മുറിവുകളിൽ തേൻപുരട്ടുന്ന ദയാഭാവം ഇതെല്ലാം മനുഷ്യമനസ്സിൽ നിന്നു മായാത്തിടത്തോളം കാലം കവിതയ്ക്കു വിഷയംതേടി അലഞ്ഞു തിരിയേണ്ട ഗതികേട് കവിയ്ക്കുണ്ടാവില്ലെന്ന് ഇടശ്ശേരി തെളിയിച്ചു. ഭാവനയും ഭാഷയും ഉദ്ദേശ്യശുദ്ധിയും ആദർശദീപ്തിയുമെല്ലാം ഒത്തുചേരുമ്പോൾ, ആ സംഗമത്തിൽനിന്ന് നിർഗളിക്കുന്ന കവിത ഹൃദയസ്പർശിയാകാതിരിക്കില്ല എന്നും.

ഇടശ്ശേരിയുടെ ജീവിതവീക്ഷണത്തിന്റെ മുദ്രകൾ തെളിഞ്ഞുകാണുന്ന ഉത്തമ കവിതകളിലൊന്നാണ് 'അമ്പാടിയിലേയ്ക്കു വീണ്ടും'. ബലരാമന്റെ കല്പനയനുസരിച്ച് കൃഷ്ണനോടൊപ്പം അമ്പാടിയിലേയ്ക്കു തേരു തെളിച്ചുപോകുന്ന ദാരുകനായി മാറുന്നു കവി. ദാരുകനോർക്കുന്നു.

മടുപ്പനത്രേ കൊട്ടാരം
അയത്ന സുലഭ സുഖാഗാരം
ഇടയ്ക്കു കണ്ണീരുപ്പു പുരട്ടാ-
തെന്തിനു ജീവിത പലഹാരം!
വിരോധിമാരേ, നിങ്ങൾക്കാ-
യാശംസിപ്പൂ ഞാനിവയെ:
വിശപ്പൊരിക്കലു
മേല്പിക്കാത്തൊരു
വിശേഷ ഭക്ഷണ വിഭവങ്ങൾ:
വിയോഗമെന്തെന്നറിയാനരുതാ-
ത്തവിഘ്ന സിദ്ധ പ്രണയങ്ങൾ;
ഒരിറ്റു നിണവും വീഴാതഴകോ-
ടൊഴിഞ്ഞു കിട്ടും വിജയങ്ങൾ

.........................................
എനിക്കു രസമീ നിമ്നോന്നതമാം
വഴിയ്ക്കു തേരുരുളോടിക്കൽ;
ഇതേതിരുൾക്കുഴി മേലുരുളട്ടേ,
വിടില്ല ഞാനീ രശ്മികളെ.
എനിയ്ക്കു രസമത്യാസന്നോദയ-
വികാര വിപ്ലവ ദൃശ്യങ്ങൾ
അഗാധഹൃദയ ഹ്രദമഥനോത്ഥിത-
സൗന്ദര്യപ്രതിഭാസങ്ങൾ.

മനസ്സ് വികാരനിർഭരവും അന്തർമ്മുഖവുമായാൽ മാത്രം പോരാ. അതിൽ ഇച്ഛാശക്തി കൂടിയുണ്ടാകണം. എങ്കിലേ അതിൽനിന്നു കവിത ഉയിർക്കൊള്ളൂ എന്ന് തന്റെ പണിപ്പുരയെക്കുറിച്ചുള്ള ഒരു ലേഖനത്തിൽ ഇടശ്ശേരി പരമാർശിക്കുന്നുണ്ട്. ഒരു കവി ജീവിക്കുന്നു എന്നതിന്നർത്ഥം അയാൾ സ്വന്തമായി പ്രപഞ്ചങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുന്നുവെന്നാണ്. ഇടശ്ശേരിയുടെ ഈ ദർശനം പൗരസ്ത്യ സാഹിത്യദർശനത്തിന്റേതുകൂടിയാണ്. കവി തന്റെ ഇച്ഛയ്ക്കൊത്ത് ഈ പ്രപഞ്ചത്തെ മാറ്റിത്തീർക്കുന്നുവെന്നും കാവ്യസംസാരത്തിലെ ഈ പ്രജാപതിയെ ആർക്കും അവഗണിക്കാനോ നിഷേധിക്കാനോ ആവില്ലെന്നും ആ ദർശനം വളരെ മുമ്പുതന്നെ നമ്മെ ഉദ്ബോധിപ്പിച്ചിട്ടുണ്ട്. 'കാവ്യരൂപം' എന്ന ഒരു ലേഖനത്തിൽ (ഇയ്യിടെ പ്രസിദ്ധം ചെയ്യപ്പെട്ട "ഇടശ്ശേരിയുടെ പ്രബന്ധങ്ങൾ" എന്ന കൃതിയിൽ ഇത് വായിക്കാം.) കവിതയുടെ സൃഷ്ട്യുന്മുഖതയേയും കവി സൃഷ്ടിക്കുന്ന പ്രപഞ്ചത്തിന്റെ സ്വരൂപത്തേയും ഇടശ്ശേരി വിവരിക്കുന്നുണ്ട്.

സാഹിത്യകാരന്റെ സർഗാത്മകനിർമാണം വ്യക്തിനിഷ്ഠമാണെന്നും ആ നിലയ്ക്ക് പ്രതിഭാശാലികളായ സാഹിത്യകാരന്മാർക്ക് വ്യക്തിസ്വാതന്ത്ര്യം അനുപേക്ഷണീയമാണെന്നും അതേ അവസരത്തിൽത്തന്നെ ഏത് പ്രതിഭാശാലിയായ വ്യക്തിയും താൻ അംഗമായ സമൂഹത്തിന്റെ സൃഷ്ടിയാണെന്നും സാമൂഹ്യജീവിതത്തിനും സാമൂഹ്യ വികാരവിചാരങ്ങൾക്കും സ്വയം കീഴ്പ്പെടുത്തിക്കൊണ്ട് സാഹിത്യരചന നടത്തുവാൻ കഴിവുള്ളവരാണ് ഏറ്റവും നല്ല സാഹിത്യകാരന്മാരാവുന്നതെന്നും മുമ്പൊരിക്കൽ ഇഎംഎസ് നമ്പൂതിരിപ്പാട് എഴുതിയപ്പോൾ ഇടശ്ശേരി ആ ലേഖനത്തെ അഭിനന്ദിച്ചു കൊണ്ടെഴുതി:

"ഇതെഴുതിയ ഇഎംഎസ്സിനെ എനിക്ക് അഭിനന്ദിക്കാൻ തോന്നി. ഞാൻ ഉൾപ്പെടുന്ന ഒരു സമുദായത്തിന്റെ വികാരവിചാരങ്ങളാണ് എന്റെ സാഹിത്യത്തിന്റെ കരുക്കൾ. ഞാൻ ഭൂതകാലത്തെക്കുറിച്ച് എഴുതുമ്പോഴും ഭാവനാനിഷ്ഠമായ ഭാവിയെക്കുറിച്ച് എഴുതുമ്പോഴും ആനുകാലികമായ സംഭവ വിശേഷങ്ങൾ എന്റെ മനസ്സിലുണ്ടാക്കുന്ന പ്രവർത്തനങ്ങളിൽനിന്ന് മുക്തനാകാൻ എനിക്ക് സാധ്യമല്ല."

(പുരോഗമന സാഹിത്യകാരന്മാരുടെ കടമ)

പ്രതിഭ, സമൂഹം, സാമൂഹ്യമനസ്സാക്ഷി, സർഗാത്മക വ്യാപാരത്തിന്റെ വ്യക്തിനിഷ്ഠത എന്നീ വിഷയങ്ങളെ സൂക്ഷ്മമായി വിശകലനം ചെയ്യാതെ വികലവീക്ഷണത്തോടെ അവയെപ്പറ്റി അഭിപ്രായം പ്രകടിപ്പിക്കുന്ന, മറുകണ്ടം ചാടുന്ന സ്വഭാവം പുരോഗമന സാഹിത്യപ്രസ്ഥാനത്തിന്റെ വക്താക്കളെന്ന് സ്വയമഭിമാനിക്കുന്ന ചിലരിൽ ഇന്നും കാണുന്നുണ്ട്. ഇഎംഎസ്സിനെയും ഇടശ്ശേരിയെയും വൈലോപ്പിള്ളിയെയും എം.എസ്. ദേവദാസിനെയുംപോലുള്ള പക്വമതികളുടെ പ്രസ്താവങ്ങൾപോലും ശ്രദ്ധിച്ചുപഠിക്കാത്തവരാണവർ. കവിത കവിതയാകുന്നത് എപ്പോഴാണെന്നും എന്തുകൊണ്ടാണെന്നും വിശദമാക്കുന്ന സന്ദർഭങ്ങൾ ഇടശ്ശേരിയുടെ ലേഖനങ്ങളിലുണ്ട്. കവിതാ നിർമാണത്തിന് പുറപ്പെടുമ്പോൾ അത് പഴഞ്ചനോ ആധുനികമോ അത്യന്താധുനികമോ ആകണമെന്നതല്ല പ്രശ്നം. അതിൽ കവിത വേണം എന്നുള്ളതാണ്. അതുണ്ടെങ്കിൽ പിന്നെ എന്തുമാകാം എന്ന ഈ കവിയുടെ കാഴ്ചപ്പാട് യുവകവികൾ മനസ്സിലാക്കുന്നത് നന്ന്. അവരെ ഇടശ്ശേരി ഒരു വസ്തുതകൂടി ഓർമ്മിപ്പിക്കുന്നു.

'ജനങ്ങളുടെ സങ്കീർണമായ വികാരങ്ങളെ അതേ ശക്തിയോടെ വർണിക്കാൻ ഭാഷക്ക് ശക്തിയില്ല എന്ന് വിലപിക്കുന്ന പുത്തൻ കൂറ്റുകാർ അത്തരം സന്ദർഭങ്ങളെ പൂർവസൂരികൾ എപ്രകാരം നേരിട്ടു എന്ന് മനസ്സിലാക്കുന്നത് നന്നായിരിക്കും.'

(പുരോഗമന സാഹിത്യകാരന്മാരുടെ കടമ)

കവിതയെപ്പറ്റി തനിയ്ക്കുള്ള സങ്കല്പങ്ങൾ വളരെ വിശദമായിത്തന്നെ ഇടശ്ശേരി വിവരിച്ചിട്ടുണ്ട്. കവിതയെപ്പറ്റി എന്റെ സങ്കല്പങ്ങൾ' എന്ന അദ്ദേഹത്തിന്റെ പ്രബന്ധം ശ്രദ്ധേയമായ ഒരു ആത്മാവിഷ്കാരമാണ്. 'എന്റെ കാഴ്ചപ്പാട്', 'എന്റെ കവിത', 'കവിത എന്റെ ജീവിതത്തിൽ', 'ഒരു കവിതയുടെ വളർച്ച', 'എന്റെ പണിപ്പുര', 'തുടികൊട്ടും ചിലമ്പൊലിയും', 'ദൽഹി പ്രഭാഷണം', 'കാവ്യ

രൂപം' തുടങ്ങിയ അദ്ദേഹത്തിന്റെ പ്രബന്ധങ്ങൾ 'ആത്മാവിന്റെ അമൃതമായ കല'യുടെ – കവിതയുടെ – നിഗൂഢങ്ങളായ ഉള്ളറകളിലേക്ക് പ്രകാശം പ്രസരിപ്പിക്കുന്നവയാണ്. കവിയേയും കവിതയേയും കവിഹൃദയത്തേയും വിശ്വാസ്യതയോടെ പഠിക്കാൻ സഹായകവുമാണ്. 'വാഴ്‌വ് എന്ന ശാപ'ത്തെ വെറുക്കുകയും പെറ്റുവീണതിനോടു പകരം വീട്ടുകയും സ്വജീവിത ദുഃഖസ്മരണയെ മുഴുവൻ ചരസ്സുചാലിച്ച പുളിങ്കള്ളിൽ മുക്കി അലിയിക്കുകയും" ചെയ്യുന്ന ധിഷണാശാലികൾ ജീവിതം കാണുകയും അനുഭവിക്കുകയും കവിതകളിലൂടെ അനുഭവങ്ങൾക്ക് രൂപം നൽകുകയും ചെയ്ത സത്യസന്ധനായ ഈ കവിയെ വൈകിയിട്ടാണെങ്കിലും കണ്ടെത്തുകയാണെങ്കിൽ അത് അവർക്കും സമൂഹത്തിനും ആരോഗ്യദായകമായിരിക്കും.

(ദേശാഭിമാനി വാരിക – 1988 ഡിസംബർ 18)